**‘ഭരണഭാഷ-മാതൃഭാഷ’**

## പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ നടപടി ഉത്തരവ്
## സാന്നിധ്യം - കെ.വി. മോഹൻകുമാർ. ഐ.എ.എസ്

വിഷയം: പൊതു. വിദ്യാഭ്യാസം - ജീവനം – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അധീനതയിൽ ഉണ്ടായിരുന്ന സർക്കാർ ഏറ്റെടുത്ത ഹൈസ്കൂളുകളിലെ പ്രഥമാദ്ധ്യാപകരുടെ സ്ഥാനക്കയറ്റം - സംബന്ധിച്ച്

വായന:- 1) സ.ഉ (എം.എസ്) നമ്പർ 2/2010/പൊ.വി.വ, തീയതി 02.01.2010
2) ഈ ഓഫീസിലെ 04.07.2012 ലെ എസ്.വൈ 1/6080/2012/ഡി.പി.ഐ നമ്പർ നടപടി ഉത്തരവ്
3) 20.03.2017 ലെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഡി6/75701/2016 നമ്പർ വിജ്ഞാപനം
4) 24.07.2017 പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ഡി6/35398/2017 നമ്പർ വിജ്ഞാപനം

**ഉത്തരവ് നമ്പർ ഡി5/6001/2017/ഡി.പി.ഐ.തീയതി.25/07/2017**

**സ്ഥാനക്കയറ്റം**

12.07.2017 ഇടക്കാല ഡിപ്പാർട്ട്മെന്റൽ സ്ഥാനക്കയറ്റ കമ്മിറ്റി (ലോവർ) അംഗീകരിച്ച വായന (4) പ്രകാരം അംഗീകരിച്ച സെലക്റ്റ് ലിസ്റ്റിലെ താഴെപ്പറയുന്ന പഞ്ചായത്ത് ഹൈസ്കൂൾ അദ്ധ്യാപകരെ സ്ഥാനക്കയറ്റം നൽകി പഞ്ചായത്ത് ഹൈസ്കൂൾ ഹെഡ്മാസ്റ്റർമാരായി 39500-83000/- ശമ്പള നിരക്കിൽ ഉടൻ പ്രാബല്യത്തിൽ നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| ക്രമ നം. | റാങ്ക് നം. | പേര് | മേൽ വിലാസം | ജനന തീയതി | സ്ഥാനക്കയറ്റം നൽകി നിയമിച്ച സ്കൂൾ/സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | 72/12 | ശശി പി.എം | എച്ച്.എസ്.എ മണിയൂർ പഞ്ചായത്ത് ഹൈസ്കൂൾ, കോഴിക്കോട് | 01.12.1965 | ഹെഡ്മാസ്റ്റർ, പഞ്ചായത്ത് ഹൈസ്കൂൾ, കാഞ്ഞിരംകുളം, തിരുവനന്തപുരം | |

സ്ഥാപന മേധാവികൾ സ്ഥാനക്കയറ്റം ലഭിച്ച അദ്ധ്യാപകനെ ഉടൻ പ്രാബല്യത്തിൽ പുതിയ ലാവണങ്ങളിലേക്ക് വിടുതൽ ചെയ്യുകയും ആ വിവരം ഈ ഓഫീസിൽ അറിയിക്കുകയും ചെയ്യേണ്ടതാണ്. ലഭിച്ച സ്ഥാനക്കയറ്റം പരിത്യജിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ 7 ദിവസത്തിനുള്ളിൽ പരിത്യാജപത്രം നിയന്ത്രണാധികാരി മുഖേന ഈ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. സ്ഥാനക്കയറ്റം പരിത്യജിക്കുന്നത് സംബന്ധിച്ച് സർക്കാർ 07.12.1991 ൽ പുറപ്പെടുവിച്ച ജി.ഒ (പി)39/91/പി&എആർഡി നമ്പർ

ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. ഒന്നാമതായുള്ള സ്ഥാനക്കയറ്റ പരിത്യജനം കുറഞ്ഞത് (ഒരു വർഷം) താൽകാലികവും രണ്ടാമതായുള്ള സ്ഥാനക്കയറ്റ പരിത്യജനം സ്ഥിരമായിട്ടുള്ളതാണ്

സംസ്ഥാനത്തെ പഞ്ചായത്ത് ഹൈസ്കൂളുകളിലെ എച്ച്.എസ്.എ മാരുടെ വായന (2) പ്രകാരമുള്ള കോമൺപൂൾ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവരെയാണ് ഈ ഉത്തരവിൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചിരിക്കുന്നത്.

പൊതുവിദ്യാഭ്യാസ വകുപ്പിലെ അദ്ധ്യാപകരെ സംബന്ധിച്ച സ്പെഷ്യൽ റൂളിൽ താഴെപ്പറയുന്ന യോഗ്യതകളാണ് എച്ച്.എസ്.എ മാരിൽ നിന്നും ഹെഡ്മാസ്റ്റർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സമാന തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് ആവശ്യമായി വേണ്ടത്.

1. അംഗീകൃത സർവ്വകലാശാലയുടെ ഡിഗ്രി
2. അംഗീകൃത സർവ്വകലാശാലയുടെ ബി.എഡ്/ബി.റ്റി/എൽ.റ്റി
3. അക്കൗണ്ട് ടെസ്റ്റ് ലോവർ&കെ.ഇ.ആർ ടെസ്റ്റ്
4. 12 വർഷത്തെ തുടർച്ചയായ എച്ച്.എസ്.എ ഗ്രേഡ് സർവ്വീസ്

സ്ഥാപനമേധാവികൾ സ്ഥാനക്കയറ്റം ലഭിച്ച പഞ്ചായത്ത് സ്കൂൾ അദ്ധ്യാപകന് മുകളിൽ പ്രസ്താവിച്ച യോഗ്യതകൾ ഉണ്ടോയെന്ന് സേവനപുസ്തകം പരിശോധിച്ച ശേഷം മാത്രമേ സ്ഥാനക്കയറ്റം ലഭിച്ച ലാവണത്തിലേക്ക് വിടുതൽ ചെയ്യാവു എന്ന് കർശനമായ നിർദ്ദേശം നൽകുന്നു.

പുതിയ ലാവണങ്ങളിൽ പദവി ഏറ്റെടുത്ത ശേഷം ആയത് മേലാപ്പീസിൽ രേഖാമൂലം അറിയിക്കേണ്ടതാണെന്നും നിർദ്ദേശിക്കുന്നു.

സ്ഥാനക്കയറ്റ ഉത്തരവ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. (www.education.kerala.gov.in DPI Announcements) ടി ഉത്തരവ് ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്ത് അതാത് സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്നതിനും വിടുതൽ ചെയ്യുന്നതിനും

നിർദ്ദേശിക്കുന്നു. സ്ഥാപന മേധാവികൾക്ക് ഈ ഓഫീസിൽ നിന്നും പ്രത്യേകമായി ഉത്തരവ് അയയ്ക്കുന്നതല്ല. ഉത്തരവ് ഔദ്യോഗിക വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതാണ്.

സർക്കാർ പഞ്ചായത്ത് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ തസ്തികയിലേക്ക് നടത്തിയിരിക്കുന്ന ഈ സ്ഥാനക്കയറ്റം പൂർണ്ണമായും താൽകാലികമാണ്. ടി സ്ഥാനക്കയറ്റം സംബന്ധിച്ച് എന്തെങ്കിലും ക്രമക്കേടുകൾ ബോദ്ധ്യപ്പെട്ടാൽ ആയത് പുന:പരിശോധനക്ക് വിധേയമാക്കുന്നതായിരിക്കും.

ഒപ്പ്/-

കെ.വി. മോഹൻകുമാർ. ഐ.എ.എസ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

സ്വീകർത്താക്കൾ:-

1. ബന്ധപ്പെട്ട ഹെഡ്മാസ്റ്റന്മാർക്ക്
2. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്ക്
3. ബന്ധപ്പെട്ട അദ്ധ്യാപകർക്ക്
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ) തിരുവനന്തപുരം
5. കരുതൽ ഫയൽ